

വായിച്ചു വളരാം
നാടോടിക്കഥകൾ

028.51
GEE/A
6108

# അമ്പിളിമാമൻ കിണറ്റിൽ വീണ കഥ

പുനരാഖ്യാനം : എം ഗീതാഞ്ജലി
ചിത്രീകരണം : ഗോപു പട്ടിത്തറ

# അമ്പിളിമാമൻ കിണറ്റിൽ വീണ കഥ

028.51
GEE/A
6108

പുനരാഖ്യാനം : **എം ഗീതാഞ്ജലി**

ചിത്രീകരണം : **ഗോപു പട്ടിത്തറ**

പൊതുജന വായനശാല & ഗ്രന്ഥാലയം
രജി. നമ്പർ 13 KNR 5707



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്



028.51
GEE/A
6108


ശങ്കുണ്ണ്യാര് കിണറ്റീന്ന് വെള്ളം
കോരാൻ നോക്ക്വായിരുന്നു.
അമ്പിളിമാമനല്ലേ കിണറ്റിൽ വീണ് കെടക്ക്ണത്?
അയ്യോ! വേഗം പിടിച്ചു കേറ്റീല്ല്യെങ്കിൽ
വെള്ളം കുടിച്ച് ചാവല്ലോ.





അമ്പിളിമാമനെ പാളയിൽ കേറ്റാൻ
ശങ്കുണ്ണ്യാര് ആവതും നോക്കി.
കിട്ടണ്ടേ? വെള്ളം ഇളകുമ്പം
അമ്പിളിമാമനും ഇളകന്നെ.

6108




ഒരു തോട്ടിയുണ്ടെങ്കിൽ വലിച്ചെടുക്കായിരുന്നു.
അല്ലാ, വീട്ടിലൊരു പാതാളക്കരണ്ടിയുണ്ടല്ലോ.

ശങ്കുണ്യാര് വീട്ടിലേക്കോടി.



പാതാളക്കരണ്ടിയെടുത്ത്
തിരിച്ചോടുമ്പോൾ ശങ്കുണ്ണ്യാര്
ഉറക്കെ പറഞ്ഞുപോയി: ''വെള്ളം കുടിച്ച്
ചാവ്ണേന്റെ മുന്നെ വലിച്ച് കേറ്റ്യാ
മത്യായിരുന്നു.''



ആരാ കിണറ്റില് വീണത്?



ശങ്കുണ്യാര്ടെ ഭാര്യേം പിന്നാലെ ഓടി.
ബഹളം കേട്ട് കുട്ട്യോളും പിന്നാലെ ഓടി.





അമ്പിളി മാമൻ പാതാളക്കരണ്ടിയിൽ
ഒന്നു കുരുങ്ങിക്കിട്ടണ്ടേ. കയറ് തിരിച്ചും മറിച്ചും
ശങ്കുണ്ണ്യാര് ആവതും നോക്കി.

വെള്ളത്തിനടിയിലെ പാറക്കല്ലിനടിയിൽ
പാതാളക്കരണ്ടി ചെന്നു കുടുങ്ങി.





അമ്പിളിമാമൻ പാതാളക്കരണ്ടിയിൽ
കുടുങ്ങീന്നു വിചാരിച്ച് ശങ്കുണ്യാര്
ആർത്തു വിളിച്ചു: ''കുടുങ്ങീ, കുടുങ്ങീ.''


കിണറ്റും പടീമ്മല് കാലുകൊണ്ട് ചവിട്ടി
ശങ്കുണ്യാര് ആഞ്ഞു വലിച്ചു.
ആവൂ, അമ്പിളി മാമന് എന്തൊരു കനം!





ശങ്കുണ്ണ്യാര് ഒറ്റയ്ക്ക് വലിച്ചിട്ട്ണ്ടോ പൊന്ത്ണ്ണൂ?
ശങ്കുണ്ണ്യാര്ടെ ഭാര്യേം വന്നു വലിക്കാൻ.
അങ്ങനെ ഇപ്പം ശങ്കുണ്ണ്യാരും
ശങ്കുണ്ണ്യാര്ടെ ഭാര്യേം കൂടിയാ
ആഞ്ഞു വലിക്ക്ണത്.

028.51
GEE/A
6108







എന്നിട്ടും പൊന്ത്ണ്ല്യ.
ശങ്കുണ്ണ്യാർടെ കുട്ട്യോളും
വന്നു വലിക്കാൻ.
അങ്ങനെ ഇപ്പം ശങ്കുണ്ണ്യാരും
ശങ്കുണ്ണ്യാർടെ ഭാര്യേം
ശങ്കുണ്ണ്യാർടെ കുട്ട്യോളും
കൂടിയാ ആഞ്ഞു വലിക്ക്ണത്.

ഠേ! കയർ പൊട്ടി!



ശങ്കുണ്ണ്യാരും ഭാര്യേം കുട്ട്യോളും
ചടപട ധീംന്ന് മലർന്നടിച്ച് ഒറ്റ വീഴ്ച.






ചപ്പിളി മണ്ണിൽ മലർന്നടിച്ചങ്ങനെ
മേപ്പട്ടും നോക്കി കിടക്കുമ്പഴാ ശങ്കുണ്ണ്യാര് കണ്ടത്,
അമ്പിളിമാമൻ മേലെ ചിരിച്ചു
ചിരിച്ചങ്ങനെ നിൽക്ക്ണൂ!





ഹാവൂ! നമ്മള് വീണെങ്കിലെന്താ,
നമ്മടെ വലികൊണ്ട് അമ്പിളിമാമൻ
കിണറ്റീന്ന് രക്ഷപ്പെട്ടല്ലോ.
അതാ നിന്ന് ചിരിക്ക്ണ കണ്ടില്ലേ?



വായിച്ചു വളരാം
നാടോടിക്കഥകൾ

## വായിച്ചു തുടങ്ങിയവർക്കായി
## അമ്പിളിമാമൻ കിണറ്റിൽ വീണ കഥ
## ചിത്രപുസ്തകരൂപത്തിൽ

വായിച്ചു വളരാം ചെറിയ കുട്ടികളെ വായനയിലേക്ക് ആകർഷിക്കാനുള്ള ഒരു പുസ്തക പരമ്പരയാണ്. വായനയുടെ വിവിധ ഘട്ടങ്ങളിലുള്ള കുട്ടികളെ ലക്ഷ്യംവെച്ചാണ് ഈ പരമ്പര തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിലെ നാടോടിക്കഥകളും പഴഞ്ചൊല്ലുകളും കുട്ടിക്കവിതകളും നാടൻ പാട്ടുകളുമാണ് ഇവയ്ക്ക് ആധാരം. ഇവയെല്ലാം കേരളത്തിന്റെ ധന്യമായ പാരമ്പര്യത്തിന് ഉദാഹരണങ്ങളാണ്. ഓരോ പുറത്തും മൂന്നോ നാലോ ചെറു വാചകങ്ങളിലൂടെ പറയുന്ന കഥയും പൊലിമയാർന്ന ചിത്രങ്ങളും കുട്ടിയെ ഭാവനയുടെ വിശാലമായ ലോകത്തേക്ക് നയിക്കുന്നു.

എം ഗീതാഞ്ജലി രാമനാട്ടുകര സേവാമന്ദിർ ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പൽ ആണ്. മുപ്പത് വർഷമായി അധ്യാപന രംഗത്ത് പ്രവർത്തിക്കുന്നു. എട്ട് വർഷമായി യുറീക്കയുടെ അസോസിയേറ്റ് എഡിറ്ററാണ്. ജന്തുലോകത്തിലെ കൗതുകങ്ങൾ എന്ന പുസ്തകത്തിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

ഗോപു പട്ടിത്തറ പാലക്കാട് ജില്ലയിലെ ആലൂർ എ എം യു പി സ്കൂളിൽ ചിത്രകലാ അധ്യാപകനാണ്. നിരവധി ബാലസാഹിത്യ കൃതികളുടെ ചിത്രീകരണം നിർവഹിച്ചിട്ടുണ്ട്. ചിത്രീകരണത്തിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം നേടിയിട്ടുണ്ട്.

രണ്ടാം സഞ്ചിക: ആറു വയസ്സിനു മുകളിലുള്ളവർക്ക്



ISBN 81-8494-078-5
9788184940787
6+
₹ 35.00
കഥ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
KSICL641